# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1699

12/06/2019-ൽ
മറുപടിയ്ക്ക്

## ഗവണ്മെന്റ്, എയ്ഡഡ് കോളേജുകളിലെ തസ്തിക നിർണ്ണയം

**ചോദ്യം**

**മറുപടി**

ശ്രീ.വി.അബ്ദുറഹിമാൻ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് കോളേജുകളിൽ 9 മണിക്കൂർ അധ്യായനത്തിന് ഒരെണ്ണം എന്ന അനുപാതത്തിൽ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളപ്പോൾ ഗവണ്മെന്റ് കോളേജുകളിൽ 16 മണിക്കൂറിന് ഒരു തസ്തിക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും കുറഞ്ഞത് 16 മണിക്കൂറെങ്കിലും ആഴ്ചയിൽ വർക്ക് ലോഡുള്ള തസ്തികയിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കാറുള്ളത്. എന്നാൽ എയ്ഡഡ് കോളേജുകളിൽ സിംഗിൾ ഫാക്കൽറ്റി വിഭാഗത്തിൽ 8 മണിക്കൂർ ജോലിഭാരമുള്ള തസ്തികയും, ആഴ്ചയിൽ 16 മണിക്കൂറിന് 1 തസ്തിക വീതം സൃഷ്ടിച്ചതിനുശേഷം ശേഷിക്കുന്ന 9 മണിക്കൂറോ അതിലധികമോ ജോലിഭാരത്തിന് 1 തസ്തിക കൂടിയും സൃഷ്ടിക്കാവുന്നതാണ്. |
| (ബി) | യു.ജി.സി മാനദണ്ഡ പ്രകാരം പ്രവർത്തിച്ചുവരുന്ന ഗവണ്മെന്റ്, എയ്ഡഡ് കോളേജുകളിൽ തസ്തിക നിർണ്ണയത്തിലും ഒരേ നീതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | യു.ജി.സി മാനദണ്ഡ പ്രകാരം പ്രവർത്തിച്ചുവരുന്ന ഗവണ്മെന്റ്, എയ്ഡഡ് കോളേജുകളിൽ തസ്തിക നിർണ്ണയത്തിലും ഒരേ നീതി അവലംബിക്കുന്നതിനായി എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 9 മണിക്കൂറോ അതിലധികമോ വർക്ക് ലോഡുണ്ടെങ്കിൽ തസ്തിക സൃഷ്ടിക്കാമെന്ന സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | മലയാള ഭാഷാപഠനത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മലയാള ഭാഷാപഠനത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിനായി 2019 - ൽ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**